**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *364. 19.10.2016 ന് മറുപടിയ്ക്ക്**

## ഡി-അഡിക്ഷൻ സെന്റർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സണ്ണി ജോസഫ്<br>,, കെ.മുരളീധരൻ<br>,, വി.ടി.ബൽറാം<br>,, ഷാഫി പറമ്പിൽ : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപറേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് ഡി-അഡിക്ഷൻ സെന്റർ പ്രവർത്തിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | പരിഗണനയിൽ ഇല്ല. |
| (ബി) | ഏതെങ്കിലും ഡി-അഡിക്ഷൻ സെന്ററുകൾ എക്സൈസ് വകുപ്പിന്റെ ധനസഹായത്താൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ്; | (ബി) | എക്സൈസ് വകുപ്പിന്റെ ധനസഹായത്താൽ ഡി-അഡിക്ഷൻ സെന്ററുകൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. |
| (സി) | മദ്യവിമുക്തി നേടുന്ന നിർദ്ധനരെ സഹായിക്കുവാൻ എന്തെങ്കിലും ധനസഹായ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | പദ്ധതികൾ ഒന്നും നിലവിലില്ല. |
| (ഡി) | മദ്യവിരുദ്ധ/മദ്യവിമുക്ത പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി കേരള സ്റ്റേറ്റ് ബിവറേജസ് കോർപറേഷന് നിർദ്ദേശം നൽകുമോ? | (ഡി) | കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലൂടെ ലഭ്യമാകുന്ന 5% സെസ്സ് ഇനത്തിൽ ശേഖരിക്കുന്ന ഫണ്ടിൽ നിന്നും സർക്കാർ നിർദ്ദേശപ്രകാരം ഇത്തരം പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിച്ചു വരുന്നുണ്ട്. ഈ ഫണ്ടിലെ തുക വിനിയോഗിച്ച് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ, "വിമുക്തി" മുഖേന വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**